**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2500** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നവീനമായ സാങ്കേതികവിദ്യാ സൗകര്യങ്ങളോടെയുള്ള അടിസ്ഥാന സൗകര്യ വികസനം വ്യവസായ പാർക്കുകളുടെ വളർച്ചയ്ക്ക് ഏറെ പ്രധാനമാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനം മുൻപന്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ സംസ്ഥാനം മുൻപന്തിയിൽ തന്നെയാണ്. വ്യവസായ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വാർത്ത വിനിമയ സംവിധാനങ്ങൾ, ഡ്രെയിനേജ് സൗകര്യം, മാലിന്യ സംസ്കരണ സംവിധാനം എന്നിവ ഏർപ്പെടുത്തി കൊണ്ട് വ്യവസായ എസ്റ്റേറ്റുകളും വ്യവസായ പാർക്കുകളും നിലവിലുണ്ട്. ഇവിടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ സ്ഥലം/വ്യവസായ ഭൂമി ലഭ്യമാക്കി വരുന്നു. പൊതുമേഖലയിലെ വ്യവസായ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് സ്വകാര്യ വ്യവസായ എസ്റ്റേറ്റ്, ക്യാമ്പസ് വ്യവസായ പാർക്ക് എന്നീ പദ്ധതികൾക്ക് രൂപം കൊടുത്ത്, അവ നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ 42 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്കും 10 ക്യാമ്പസ് വ്യവസായ പാർക്കുകൾക്കും സംസ്ഥാനത്ത് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വ്യവസായ പ്രവർത്തനത്തിന് പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള റെഡി-ടു-യൂസ് പ്ലാറ്റ്ഫോം സംസ്ഥാനത്തെ വ്യവസായ പാർക്കുകളിൽ ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | വ്യവസായ പാർക്കുകളെ ദേശീയ-സംസ്ഥാന പാതകളുമായി നേരിട്ട് ബന്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>സംസ്ഥാനത്തെ വ്യവസായ പാർക്കുകൾ ദേശീയ പാത/സംസ്ഥാന പാതയുമായി ബന്ധപ്പെടുത്തിയാണ് നിലവിലുള്ളത്. നേരിട്ട് ദേശീയപാതയുമായി ബന്ധമില്ലാത്ത വ്യവസായ എസ്റ്റേറ്റുകളെ/പാർക്കുകളെ പഞ്ചായത്ത്, |

| | | | |
|---|---|---|---|
| | | | പൊതുമരാമത്ത് വകുപ്പ് വക റോഡുകളിലൂടെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പോലെ കാലാനുസൃതമായ പദ്ധതികൾക്കും രൂപം കൊടുത്തിട്ടുണ്ട്. |
| (ഡി) | സംരംഭകർക്ക് വൻ മുതൽമുടക്കില്ലാതെ വേഗത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്ലഗ് & പ്ലേ ആശയത്തിന്റെ ഭാഗമായി സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ എന്ന പദ്ധതി നടപ്പിലാക്കിയിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ബഹുനില വ്യവസായ സമുച്ചയം/സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എടയാർ, പുഴയ്ക്കൽപ്പാടം, പുന്നപ്ര എന്നിവിടങ്ങളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് സ്ഥലം അനുവദിച്ച് വരുന്നു.<br><br>സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി പ്രകാരവും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്ക് അംഗീകാരം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ